# ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കൽപ്പറ്റ




# നിഴൽ

## ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

വിവര സാങ്കേതിക വിദ്യ അനുദിനം മുന്നേറി കൊണ്ടിരിക്കുന്ന ഈ കാലത്ത് അതിനൊപ്പം തന്നെ സഞ്ചരിക്കുകയാണ് കേരളത്തിലെ പൊതു വിദ്യാലയങ്ങളും. അതിന് ഉദാഹരണമാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ. മുണ്ടേരി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പൂർണമായും സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തയ്യാറാക്കിയതാണ് നിഴൽ. ഈ മാഗസിൻ നിങ്ങളുടെ വായനക്കും അഭിപ്രായങ്ങൾക്കും സമർപ്പിക്കുന്നു

എഡിറ്റർ

## സന്ദേശങ്ങൾ

ഡിജിറ്റൽ സാങ്കേതിക വിദ്യ വളരെ വേഗത്തിൽ വളരുന്ന ഈ കാലഘട്ടത്തിൽ സ്കൂളുകളിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളും മാറികൊണ്ടിരിക്കുകയാണ് ഇതിന് തെളിവാണ് ഇവിടെ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ മാഗസിന് എല്ലാ ആശംസകളും നേരുന്നു

പി ടി സജീവൻ (പ്രിൻസിപ്പൽ)

ഈ സ്കൂളിലെ little kite വിദ്യാർത്ഥികൾ തയ്യാറാക്കുന്ന മാഗസിന് എല്ലാ വിധ നന്മകളും നേരുന്നു. little kite ക്ലബിന്റെ മികച്ച പ്രവർത്തനങ്ങളുടെ തെളിവാണ് ഈ മാഗസിൻ. ഇതിന് പിന്നിൽ പ്രവർത്തിച്ച L K മാസ്റ്റേർസിനും , വിദ്യാർത്ഥികൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

സീന കെ എസ് (ഹെഡ്മിസ്ട്രസ്സ്)

ഈ സ്കൂളിലെ little kites ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളുംനേരുന്നു.

പ്രതീഷ് കെ (എസ് എം സി ചെയർമാൻ)

little kites യൂണിറ്റ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന്എല്ലാ വിധ ആശംസകളുംനേരുന്നു.ഈ മാഗസിൻ കുട്ടികളുടെ പഠന മികവിന് തീർച്ചയായും സഹായകമാകുമെന്ന് മനസ്സിലാക്കുന്നു.

രഞ്ജിത്ത് (പി ടി എ പ്രസിഡന്റ്)



കവിത

## വിളി കേട്ടവൾ

പുസ്തകം കയ്യിലുള്ളവളോട്
പലരും പുലമ്പി
വിളിക്കയാണു നിന്നെ
നാദസ്വര മണ്ഡപത്തിലേക്ക്

തല കുനിച്ച് കൈകൾ കൂപ്പി
പലരുടെ കാൽ വന്ദിച്ച്
പലർക്കായ് കണ്ണീർ തൂകി
ചിരി തൂകി പോവേണമെങ്ങോ

ബന്ധുക്കൾ ചൊല്ലും
നൂറു പവനുണ്ടത്രേ.
സ്നേഹമാണ് മുഖ്യമെന്ന്
ചിലരോതിടുമ്പോൾ
ധനമാണ് മുഖ്യമെന്ന്
ആരോ മൊഴിയുമ്പോൾ
കരിതേച്ച പാത്രങ്ങൾ കലമ്പും
ധനം കുറഞ്ഞെന്ന്
നൂറു പവൻ കൊണ്ടു വന്നവളെ
വെറും കയ്യോടെ
അയക്കുവതെങ്ങിനെ

പേന പിടിക്കും വിരലുകളെ
ചന്ദനച്ചിത വിഴുങ്ങുമ്പോൾ
മണ്ഡപത്തിൽ നിന്നുയരുന്നു
വീണ്ടുമൊരു നാദസ്വരം.

ഗായത്രി. 9A

കവിത

## കാട്ടിലെ പാട്ട്

കുഞ്ഞൻ കുരങ്ങനൊരു പാട്ട് വേണം
ആരും പാടാത്ത ഒരു പാട്ട് വേണം
തവളകൾ ചാടി രസിക്കുന്നു.
പ്ലം ... പ്ലം ... പ്ലം ...
മാനുകൾ ഓടിപ്പോകുന്നു.
ടപ്പ് ... ടപ്പ് ... ടപ്പ് ...
അണ്ണാൻ കുഞ്ഞു ചിലയ്ക്കുന്നു
ചിൽ ... ചിൽ ... ചിൽ ...
പ്ലം ... പ്ലം ... പ്ലം ...
ടപ്പ് ... ടപ്പ് ... ടപ്പ് ...
ചിൽ ... ചിൽ ... ചിൽ ...
കാടൊരു പാട്ടിൻ തേനരുവി

ശിവഗംഗ
5 B

കവിത

## മാമരം

മാമരങ്ങൾ പെയ്യട്ടെ
മണ്ണിൽ മിഴിയിൽ മന്ദം മന്ദം
മാമ്പൂ മൊട്ടുകൾ വിടരട്ടെ
നിലാവിൽ മഞ്ഞും മഴയും
മതിയാവോളം നുകരട്ടെ
മാമരങ്ങൾ ചിലയ്ക്കട്ടെ
മാമ്പൂ ചില്ലകൾ തളിർക്കട്ടെ
മാനം മുട്ടെ  വളരട്ടെ

അവന്തിക വിജീഷ്
7B

കവിത

## ഒരു പക്ഷിക്കഥ

ചന്നം പിന്നെ മഴ പെയ്തു
ചക്കരമാവിൻ ചില്ലയിലൊണ്ടൊരു
ചകിരിക്കൂട് കിളിക്കൂട്
ചകിളി മുന്നിലായി ചപ്പില കൊണ്ടൊരു
കിളിവാതിൽ
ചന്നം പിന്നെ മഴ പെയ്തപ്പോൾ ചപ്പില
മാറിപ്പോയപ്പോൾ
കൂടിനകത്തെ കുരുവിക്കുഞ്ഞിന്
കുളിരാൽ മേനി വിറച്ചോ
കുളിര് സഹിക്കാതിങ്ങനെ കുരുവി
കുഞ്ഞു കരഞ്ഞു ചിലച്ചപ്പോൾ
ചില്ലയിലമരും തള്ളക്കിളിതൻ
ചിറകാൽ വാതിലടച്ചല്ലോ
അഭിനാര സുനിൽ
7 B

കവിത

## മഴ

നിങ്ങളെങ്കിലും ചൊല്ലിടുമോ
എന്താണ് മഴയെന്നു ചൊല്ലിടുമോ
പ്രിയനേ എന്നോട് ചൊല്ലിടുമോ
ഉപ്പ് രുചിയില്ലാത്ത
കണ്ണീർതുള്ളിയാണോ?
മേഘത്തിന്റെ കണ്ണീർ തുള്ളിയോ
പ്രകൃതിതൻ സ്നാനമോ
ഭൂമിതൻ സ്നാനമോ
ഭൂമി മേലുള്ള വാനത്തിൻ സ്പർശമോ
മഴ എന്താണെന്ന് എനിക്കറിയില്ല
മഴ എന്തൊക്കെയോയാണെൻ കണ്ണിൽ
ഞാൻ മഴയെ നോക്കി നിൽക്കെ
മനസിന്റെ
പതിപ്പാണ് മഴയെന്നു തോന്നും
മഴ നനയുമ്പോളെൻ മനസ്സിന്റെ
ഭാവത്തെ
മഴ സ്പൂർശിക്കുന്നതായി തോന്നും
കരിഞ്ഞുണങ്ങി വറ്റിവരണ്ട സർവ്വ
ജീവജാലത്തിൻ
ആശ്വാസമോ മഴ
ദുഃഖമാണോ സന്തോഷമാണോ
മഴയെന്നു ചൊല്ലാൻ
ആർക്കു സാധിക്കും
ഞാൻ തന്നെയാണോ മഴ
എന്നിലെ ഞാനായി തീർന്നുവോ മഴ
ഒന്നെനിക്കറിയാം ഒരു ചോദ്യചിഹ്നമായി
മാറി മഴ

അമൃത

യാത്ര

## പുതിയതീരങ്ങൾ തേടുന്ന മലയാളി

യാത്രകൾഎന്നുംഹൃദ്യമായഅനുഭവങ്ങ ളായി നെഞ്ചിലേറ്റാൻ മലയാളികളായ നമുക്കേറെ ഇഷ്ടമാണ്. പച്ചപ്പട്ട് വിരിച്ചത് പോലുള്ളകുന്നിൻ ചെരിവുകളും മൈതാനങ്ങളും താഴ്‌വാരങ്ങ ളും നമ്മുടെ മനസ്സിന് എന്നും കുളിർമ നൽ കു ന്നു.യാത്രകൾ ഒരാളിലും ഒരിടത്തും അവസാ നിക്കുന്നില്ല. മനുഷ്യൻ പ്രകൃതിയെ സ്നേഹിക്കു ന്നിടത്തോളം എന്നും പുത്തൻ അനുഭവങ്ങൾ പ്രദാനം ചെയ്ത് യാത്രയുടെ വാതായനങ്ങൾ നമുക്ക് വേണ്ടി എന്നും തുറന്നു കിടക്കും. ഓരോ യാത്രയും ഓരോ മനസ്സിലേക്കും ജീവിതശൈലികളിലേക്കും ബന്ധങ്ങളിലേക്കും ഉള്ളതാണ്. ഓരോ യാത്രയും ചിലതെല്ലാം നമ്മെ പഠിപ്പിക്കുന്നു. പഠിച്ചുവച്ച ചിലത് തെറ്റൊന്ന് തെളിയിക്കുന്നു. ചിലയിടങ്ങളിൽ എത്തുമ്പോൾ മുജ്ജന്മ സന്ദർശനത്തിന്റെ എന്ന പോലുള്ള പരിചിതത്വവും സ്മൃതികളും സമ്മാനിക്കുന്നു.യാത്രകളിൽകാഴ്ച മാത്രമല്ല ഉള്ളത് ചില ശബ്ദങ്ങൾ പല ഭാഷകൾ വ്യത്യസ്ത രുചികൾ, വിവിധ ഗന്ധങ്ങൾ.... അങ്ങനെ അസീമമായ ലോകത്തേക്ക് നമ്മെ നയിക്കുന്ന ഓരോ യാത്രയും .

അഭിരാഗ് കെ. 7A

പുസ്തക പരിചയം

## റോബിനുകൾ


ഞാൻ വായിച്ച ഒരു കഥയാണ് റോബിനുകൾ എന്ന കഥ.റോബിനികൾ കാലാവസ്ഥ മാറുന്നത് അനുസരിച്ച് അനുഭവിക്കുന്ന അവസ്ഥയെക്കുറിച്ചാണ് ഈ കഥ പറയുന്നത്.ശരത്കാലത്ത് റോബിൻ ഞങ്ങളുടെ ജീവിത സാഹചര്യമാണ് കഥയിലെ ആദ്യഭാഗത്ത് പറയുന്നത്.അവർ തണുപ്പ് പ്രദേശങ്ങളിൽ നിന്നും ചൂടുള്ള പ്രദേശങ്ങളിലേക്ക് കൂട്ടമായി യാത്ര പോകും. അതുപോലെതന്നെ എല്ലാകാലത്തും അവർ പുറപ്പെട്ട് തന്നെ മടങ്ങിയെത്തും.വസന്തകാലങ്ങളി തന്നെ റോബിനുകൾ കൂട് ഉണ്ടാക്കുകയും ചെയ്യുന്നു. അതുപോലെ കേൾക്കാത്ത ഗ്രൂപ്പിന്റുകൾ ശരീരം തണുപ്പിക്കാനുള്ള ശ്രമം നടത്തുകയും ചെയ്യുന്നു.പുഴുക്കൾ പഴം ചെറിയ പ്രാണികൾ എന്നിവയാണ് റോബിനികളുടെ ഭക്ഷണം.എനിക്ക് വളരെ ഇഷ്ടപ്പെട്ട ഒരു കഥയാണ് എല്ലാ കൂട്ടുകാർക്കുംഇഷ്ടമാകും.

## പുസ്തക പരിചയം

ലളിതാംബിക അന്തർജനത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതിയാണ് അഗ്നിസാക്ഷി. കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകളും പ്രഥമ വയലാർഅവാർഡും അഗ്നിസാക്ഷിയ്ക്ക് ലഭിച്ചിട്ടുണ്ട്. ഒരു കാലത്ത് ബ്രാഹ്മണ സമൂഹത്തിലെ സ്ത്രീകൾ നേരിട്ട പ്രശ്നങ്ങൾസ്വാതന്ത്ര്യ സമരത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും പശ്ചാത്ത ലത്തിൽഅവതരിപ്പിച്ചുകൊണ്ട് സാർവ്വകാലികമാക്കുകയായിരുന്നു അന്തർജ്ജനം. സാധാരണ അന്തർജനങ്ങ ളിൽ നിന്നും വ്യത്യസ്തമായി ആദ്യം സമുദായ പരിഷ്കരണപ്രസ്ഥാനത്തിലും പിന്നീട് ദേശീയ പ്രസ്ഥാനത്തിലും ഒടുവിൽ ആത്മീയ പ്രസ്ഥാനത്തിലും അഭയം കണ്ടെത്തുന്ന സ്ത്രീയാണ് ഈ നോവലിലെ കേന്ദ്രകഥാപാത്രം. അതു വരെയുള്ള ആഖ്യാനരീതികളിൽ നിന്നും വേറിട്ടൊരു സൃഷ്ടിയാ ണ് ഇത്. കഴിഞ്ഞ നൂറ്റാണ്ടിൽ നമ്പൂതിരി സ്ത്രീകൾ അനു ഭവിച്ച കഷ്ടപ്പാടുകൾ മനസ്സിലാക്കാൻ ഇത് വായിക്കുന്നതിലൂടെ സാധിക്കും. സ്ത്രീത്വത്തെ നന്നായി ആവിഷ്കരിക്കുന്ന മലയാളത്തിലെ മികച്ച ഒരു നോവലാണ് ഇത്

അമീൻ എം

## പുസ്തക പരിചയം




### നിധി കണ്ടെത്തിയ കുട്ടി

ബ്രസീലിയൻ എഴുത്തുകാരനായ പൌലോ കൊയ്ലോയുടെ ഒരുപാടു ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്തകൃതിയാണ് ആൽക്കമിസ്റ്റ്.സാന്റിയാഗോ എന്ന ആൺകുട്ടിയാണ് ഇതിലെ കേന്ദ്രകഥാപാത്രം.സ്പെയിനിൽ ജീവിക്കുന്ന അവൻ ഒരു സ്വപ്നം കാണുകയും അത് സാക്ഷാത്കരിക്കാൻവേണ്ടി ഈജിപ്തിലേക്ക് യാത്ര ചെയ്യുന്നതുമാണ് ഇതിൽ വിവരിക്കുന്നത്. യാത്രക്കിടയിൽ അവൻ പരിചയപ്പെടുന്ന ആളുകളെയും സ്ഥലങ്ങളെയും,വളരെ മനോഹരമായി വർണ്ണിച്ചിട്ടുണ്ട്. സാന്റിയാഗോ ഒരു നിധി തേടി പുറപ്പെടുന്നു.യാത്രയ്ക്കിടയിൽ അവന്റെ കയ്യിലുള്ള പലതും മോഷ്ടിക്കപ്പെടുകയും നഷ്ടപ്പെടുകയും,ചെയ്യുന്നു. എന്നാൽ അവൻ പിന്തിരിയാതെ ലക്ഷ്യത്തിലേക്ക് കുതിക്കുന്നു.യാത്രക്കി ടയിൽ അവൻ ഫാത്തിമ എന്ന പെൺകുട്ടിയെ പരിചയപ്പെടുകയും,അവളുമായ പ്രണയത്തിലാവുകയും ചെയ്യുന്നു. യാത്ര അവസാനിപ്പിച്ച്അവളോടൊപ്പം ജീവിക്കണമെന്ന ആഗ്രഹം അവൻ അവളുമായി പങ്കു വെക്കുന്നു. എന്നാൽ ആദ്യം ലക്ഷ്യം സാക്ഷാത്കരിക്കുക എന്നാണ് ഫാത്തിമ പറയുന്നത്. യഥാർത്ഥ പ്രണയം ജീവിത ലക്ഷ്യങ്ങളെ തകർക്കാനുള്ളതല്ല. മറിച്ച് വിജയത്തിലേക്ക് നമ്മെ പ്രചോദിപ്പിക്കാനുള്ളതാണെന്ന് ഫാത്തിമ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരുപാടു കാലം ഒരുപാടു ദൂരം അവൻ യാത്ര ചെയ്യുന്നു. താൻഅന്വേഷിച്ച നിധി താൻ പുറപ്പെട്ട സ്ഥലത്തു തന്നെയാണുള്ളതെന്ന് അവനറിയുന്നു.എന്നാൽ നിധി യേക്കാൾ വിലപ്പെട്ടതാണ് നിധി തേടിയുള്ള യാത്രയിലെഅനുഭവങ്ങൾ എന്ന് അവൻ തിരിച്ചറിയുന്നു.ജീവിതം തന്നെ ഒരു

യാത്രയാണ്. മാത്രമല്ല ജീവിതത്തിലെയാത്രാനുഭങ്ങളാണ് നമ്മെ ശക്തിപ്പെടുത്തുന്നതും സന്തോഷിപ്പിക്കുന്നതും. ഉറച്ചമനസ്സോടെ ഇച്ഛാശക്തിയോടെ ജീവിതത്തിൽ മുന്നേറാൻ നമ്മെപ്രചോദിപ്പിക്കുന്ന കൃതിയാണ് 'ആൽക്കെമിസ്റ്റ്

അൽത്താഫ്

## വിജയം സുനിശ്ചിതം

പുസ്തക പരിചയം

സമയത്തെ കൃത്യമായി വിനിയോഗിക്കാൻ കഴിയാതെ തിരക്കുപിടിച്ച ജോലിയുടെ സമ്മർദ്ദം മുലം ദിവസങ്ങൾ തള്ളിനീക്കുന്ന ആളാണോ നിങ്ങൾ ? എങ്കിൽ നിങ്ങൾ തീർച്ചയായും വായിച്ചിരിക്കേണ്ട പുസ്തകമാണ് റോബിൻ ശർമയുടെ 'വിജയം സുനിശ്ചി-തം".ഇന്ത്യൻ വംശജനായ കനേഡിയൻ എഴുത്തുകാരനും അഭിഭാഷകനുമായ ശർമ്മയുടെ മൂന്നു ദശലക്ഷത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞ വിഖ്യാത കൃതിയാണ്ഇത്. ഇതൊരു നോവലാണ്, എങ്കിലും ഇതിനെ ഒരു ആത്മീയ കൃതിയായി നമുക്ക്കണക്കാക്കാം. നമ്മുടെ സ്വപ്നങ്ങളിൽ എത്തിച്ചേരുവാൻ നമ്മുടെ ദൈനംദിന ശീലങ്ങളെ എങ്ങനെ പരിപാലിക്കണം എന്നതിനെക്കുറിച്ച് ചിന്തിപ്പിക്കുന്ന പുസ്തകമാണിത്. വ്യക്തിത്വ പരിശീലന രംഗത്ത് പ്രവർത്തിക്കുന്ന ശർമ തന്റെ ജീവിതത്തിലുടെ തിരിച്ചറിഞ്ഞ പാഠങ്ങളും ആശയങ്ങളും മറ്റുള്ളവരിലെത്തിക്കാൻ ഒരു കഥ തയ്യാറാക്കിയിരിക്കുന്നതാണ് ഇത്. ഹിമാലയത്തിലെ സന്യാസിമാരുടെ ആശയങ്ങളാ-യിട്ടാണ് കഥയിൽ തന്റെ ആശയങ്ങളെ റോബിൻ ശർമ പ്രതിപാദിച്ചിരിക്കുന്നത.വളരെ ആസ്വാദ്യകരമായ രീതിയിലാണ് കഥ പറയുന്നത്. മനോഹരമായ ജീവിത.പാഠങ്ങൾ മറ്റുള്ളവരിൽ എത്തിക്കാൻ കഥയിലൂടെ റോബിൻ ശർമ ശ്രമിക്കുന്നു.ഇതിലെ കേന്ദ്രകഥാപാത്രമായ ജൂലിയൻ മാന്റിൽ സമ്പന്ന ജീവിതം നയിക്കുന്ന അഭിഭാഷകനാണ്. തന്റെ കഴിവുകൾകൊണ്ട് ജോലിയിൽ അദ്ദേഹം ഉയര.ങ്ങൾ കീഴടക്കി. ജൂലിന്റെ വളർച്ചയെ അഭിനന്ദിക്കുകയും അദ്ദേഹത്തെപ്പോലെയാകാൻ ആഗ്രഹിക്കുകയും ചെയ്യുന്ന, അദ്ദേഹത്തിന്റെ ജൂനിയർ അഭിഭാഷകനായ ജോ.ണിന്റെ കാഴ്ചപ്പാടിലൂടെയാണ് കഥ പറയുന്നത്. നേട്ടങ്ങൾ കൈയടക്കി മതിവരാതെജൂലിയൻ വീണ്ടും വീണ്ടും ജോലിയിൽ കൂടുതൽ ശ്രദ്ധിച്ചു. എന്നാൽ അമിതമായജോലിഭാരം (ജൂലിയനെ മാനസികമായും ശാരീരികമായും കുടുംബപരമായും തകർത്തു.ഒടുവിൽ ഹൃദയാഘാതം വരെ ഉണ്ടായി. ജീവൻ തിരിച്ചു കിട്ടിയ ജൂലിയൻ തന്നെക്കുറിച്ച് സ്വയമൊന്ന് വിലയിരുത്തുന്നു. തന്റെ നേട്ടങ്ങൾ തനിക്ക് സന്തോഷം നൽകുന്നതായിരുന്നില്ല എന്ന് അയാൾ തിരിച്ചറിയുന്നു. അയാൾ തന്റെ ഫെറാറി കാർ ഉൾ.പെടെയുള്ള സ്വത്തുവകകൾ വിറ്റ് സർവ്വ നേട്ടങ്ങളും ഉപേക്ഷിച്ച് ആത്മീയത തേടിഇന്ത്യയിലേക്ക് യാത്രയാകുന്നു.ഹിമാലയൻ പർവതനിരകളിലേക്ക് സമാധാനവും ജീവിതലക്ഷ്യവും തേടി-യുള്ള യാത്രയായിരുന്നു അത്.

ഒരുപാട് കാലങ്ങൾക്കുശേഷം തന്റെ ശിഷ്യന്റെ അടുത്തേക്ക് അയാൾ തിരിച്ചെത്തുന്നു. വാർദ്ധക്യാവസ്ഥയിൽ ഇന്ത്യയിലേക്ക് പോയഅയാൾ തിരിച്ചെത്തിയത് ഒരു യുവാവിനെ പോലെ തികഞ്ഞ ആരോഗ്യത്തോടെയായിരുന്നു. ഇതിന്റെ രഹസ്യം അന്വേഷിച്ച ജോണിനോട് അയാൾ തന്റെ കഥപറയുന്നു. പ്രബുദ്ധവും മനോഹരവുമായ ജീവിതം നയിക്കാൻ ആവശ്യമായ പാഠങ്ങൾഹിമാലയത്തിലെ മഹായോഗി ജൂലിയന് പകർന്നു നല്ലിയിരുന്നു. തനിക്കു കിട്ടിയജ്ഞാനം മറ്റുള്ളവരിലേക്ക് പകർന്നു നൽകണമെന്ന വ്യവസ്ഥയോടെയാണ് ജൂലിയൻ തിരിച്ചെത്തുന്നത്. ചിന്തകൾക്ക് ജീവനുണ്ടെന്ന യാഥാർത്ഥ്യവും സങ്കൽപ്പത്തിന്റെ ശക്തിയെക്കുറിച്ചും ജൂലിയൻ ജോണിന് മനസ്സിലാക്കിക്കൊടുക്കുന്നു.ഓരോരുത്തരുടെയും ജീവിതത്തിൽ ആവശ്യമായ ഏഴ് സദ്ഗുണങ്ങളാണ്പുസ്തകത്തിലെ പ്രധാന ആശയങ്ങൾ. ജീവിതത്തിലെ ഒരുപാട് പാഠങ്ങളെ കുറിച്ച്പുസ്തകം പറയുന്നുണ്ടെങ്കിലും സമയത്തെക്കുറിച്ചാണ് കൂടുതലും പറയുന്നത്. നിങ്ങളുടെസമയത്തെ ബഹുമാനിക്കുക. സമയം പുതുക്കാൻ ആവാത്തതാണ്. സമയം കിട്ടാത്തതിന്റെ പോരായ്മയല്ല സത്യത്തിൽ നമുക്കുള്ളത്. സമയത്തെ നിയന്ത്രിക്കാൻകഴിയാത്തതാണ് നമ്മുടെ പ്രശം. ആളുകൾ ഭൂതകാലത്തെ വെറുപ്പോടെ കണ്ട് ഭാവിയെക്കുറിച്ച് വളരെയധികം ചിന്തിച്ച് സമയം പാഴാക്കുന്നു. എന്തെങ്കിലും ചെയ്യാനുള്ളഏറ്റവും നല്ല സമയം ഇതാണ്. ഇന്നിൽ ജീവിക്കുക. ചെയ്യാനുള്ള കാര്യങ്ങൾഇപ്പോൾ തന്നെ ചെയ്യുക. ഭാവിയിലേക്ക് മാറ്റി വയ്ക്കരുത്. നിങ്ങളുടെ യാത്ര തന്നെസന്തോഷകരമാക്കുക. അല്ലാതെ ലക്ഷ്യത്തിലെത്തി സന്തോഷിക്കാൻ കാത്തിരിക്കരുത്. ജനിക്കുമ്പോൾ നിങ്ങൾ കരയുന്നു. മറ്റുള്ളവർ സന്തോഷിക്കുന്നു. നിങ്ങൾ മരികഒമ്പോൾ ലോകം കരയുന്ന വിധത്തിലേക്ക് ജീവിതം നയിക്കുക. എന്നിങ്ങനെസന്തോഷത്തോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്ന മികച്ച ഒരു പുസ്പകമാണ് വിജയം സുനിശ്ചിതം

.

അപർണ

---

## നാലുകെട്ട്

**പുസ്തക പരിചയം**

മലയാള സാഹിത്യത്തിലും, ചലച്ചിത്ര രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച എം. ടി വാസുദേവൻ നായരുടെ 1958 ൽ പുറത്തിറങ്ങിയ നോവലാണ് നാലുകെട്ട്. 1959 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ ഈ നോവൽ കേരളീയ സമൂഹ ഘടനയുടെ പരിണാമത്തിലെ ഒരു പ്രത്യേക ഘട്ടത്തെ പ്രതീകവത്കരിക്കുന്നു. അപ്പുണ്ണി എന്ന കഥാപാത്രത്തിന്റെ ജീവിതമാണ് നാലുകെട്ട് എന്ന നോവൽ. വടക്കേപ്പാട്ടെ കാരണവരുടെ ഇളയ മരുമകളായ പാറുക്കുട്ടി, വല്യമ്മാമ നിശ്ചയിച്ച തനിക്ക് ഇഷ്ടമല്ലാത്ത വിവാഹത്തിന് തയ്യാറാകാതെ, കൂടല്ലൂരിലെ പേരുകേട്ട പകിട കളിക്കാരനും തന്റെ സഹോദരന്റെ സുഹൃത്തുമായ കോന്തുണ്ണി നായരുടെ കൂടെ തറവാട്

വിട്ടിറങ്ങുന്നു. അവർക്ക് ജനിച്ച കുട്ടിയാണ് അപ്പുണ്ണി. അപ്പുണ്ണിയുടെ ചെറുപ്പത്തിൽ തന്നെ കോന്തുണ്ണി നായർ മരണപ്പെട്ടു. ആട്ടിറച്ചിയിൽ പാഷാണം കലർത്തി സൈതാലിക്കുട്ടി കൊല്ലുകയായിരുന്നു. തന്റെ അച്ഛന്റെ മരണത്തിന് കാരണമായ സൈതാലിക്കുട്ടിയോട് അപ്പുണ്ണി വളർന്നു വലുതാവുമ്പോൾ പകരം വീട്ടും എന്ന സൂചനയോടെയാണ് നോവൽ ആരംഭിക്കുന്നത്. കോന്തുണ്ണി നായരുടെ മരണത്തോടുകൂടി പാറുക്കുട്ടിയുടെയും അപ്പുണ്ണിയുടേയും ജീവിതത്തിൽ പ്രയാസങ്ങളും കഷ്ടപ്പാടുകളും ആരംഭിക്കുന്നു.ഇല്ലത്ത് കുഞ്ഞാത്തോലിന്റെ വീട്ടിൽ പണിയെടുത്താണ് പാറുക്കുട്ടിഅപ്പുണ്ണിയെ വളർത്തിയത്. കൊട്ടിലെ മുത്താശി ആയിരുന്നു അവന് കൂട്ട്. വടക്കേപ്പാട്ടെ പഴയ ജോലിക്കാരനായ ശങ്കരൻനായരുടെ സഹായത്തോടെ അപ്പുണ്ണിയെ ഹൈസ്കൂളിൽ ചേർത്തു. തന്റെ അമ്മയും ശങ്കരൻനായരും തമ്മിലുള്ള ബന്ധത്തെ നാട്ടുകാർ വികലമായി കണക്കാക്കിയത് അപ്പുണ്ണിക്ക് സഹിക്കാനായില്ല. നാലുകെട്ടിൽ സുഖമായി കഴിയേണ്ട അപ്പുണ്ണി ഭാവിയിൽ കുഞ്ഞാത്തോലിന്റെ വീട്ടുജോലിക്കാരിയും, ശങ്കരൻ നായരുടെ ഭാര്യയുമായ പാറുക്കുട്ടിയുടെ മകൻ എന്ന പേരിൽ അറിയപ്പെടുമെന്ന ചിന്ത അവനെ മാനസികമായി അലട്ടിയിരുന്നു. വീട്ടിലെ ദാരിദ്ര്യം അസഹനീയമായപ്പോൾ അവൻ വീട് വിട്ടിറങ്ങുന്നു. എന്നാൽ വടക്കേപ്പാട് തനിക്കും അവകാശമുണ്ടെന്ന് സൈതാലിക്കുട്ടിയിൽ നിന്നും മനസ്സിലാക്കിയ അപ്പുണ്ണി വടക്കേപ്പാട് തന്നെ താമസിക്കും എന്ന് തീരുമാനിച്ചു. അവിടെ അവനെ സ്വീകരിക്കാനോ, സ്നേഹിക്കാനൊ ആരും ഉണ്ടായിരുന്നില്ല.വീട്ടിലെ സമപ്രായക്കാരായ മറ്റുള്ളകുട്ടികൾക്ക്ലഭിക്കുന്നയാതൊരുപരിഗണനയും അവന് ലഭിച്ചിരുന്നില്ല. ചിമ്മിണി വിളക്കിന്റെ പ്രകാശം പോലുമില്ലാതെകഷ്ടപ്പാടിനും മാനസിക സംഘർഷങ്ങൾക്കുമിടയിലും അപ്പുണ്ണി പഠിച്ച് ഉയർന്ന മാർക്ക് നേടി. ആ സന്തോഷം പങ്കുവെയ്ക്കാൻപോലും അവന് അവിടെ ആരും ഉണ്ടായിരുന്നില്ല. കഷ്ടപ്പാടുകൾക്ക് യാതൊരു അറുതിയുമില്ലാതായപ്പോൾ സൈതാലിക്കുട്ടിയുടെ സഹായത്തോടെ അവൻ വയനാട്ടിലെ ചായത്തോട്ടത്തിലെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചു. വർഷങ്ങൾക്കു ശേഷം അവധിക്ക് നാട്ടിലെത്തിയപ്പോഴാണ് നാലുകെട്ട് തറവാട് ഭാഗിച്ചതും ആർക്കും വേണ്ടാത്ത തരിശുഭൂമി അവനുവേണ്ടി മാറ്റിവെച്ചതും അവൻ അറിയുന്നത്. വല്യമ്മാമ്മയുടെ കയ്യിൽ നിന്നും നാലുകെട്ട് വിലക്കു വാങ്ങിയ അപ്പുണ്ണി അവിടെ താമസം ആരംഭിക്കുന്നു. ഇതാണ് നാലുകെട്ടിലെ കഥ. തികച്ചും ഗ്രാമീണ പശ്ചാത്തലത്തിലാണ് നോവൽ ചിത്രീകരിച്ചിരിക്കുന്നത്. വളരെ ലളിതമായ ഭാഷയിൽ രസകരമായി അവതരിപ്പിച്ചിരിക്കുന്ന ഈ കൃതിയിലെ അപ്പുണ്ണിയും നാലുകെട്ടും വായനക്കാരന്റെ മനസ്സിൽ എന്നും തങ്ങി നിൽക്കും.

ദിൽസ്

എഡിറ്റോറിയൽ ബോർഡ്

ദിൽസ് ബി തേരി, അൽതാഫ്, അപർണ, അമൃത, ഷഹ്‌ല ഫാത്തിമ, കവിയരശ്, അനാമിക, സജ ഫാത്തിമ